# പോലീസ് വകുപ്പ്

# കേരളം

**No. B1-33470/2024/CC**
സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
cpkkd.pol@kerala.gov.in
04952722673
തീയതി. 14-03-2025

**ലേല പരസ്യം**

കോഴിക്കോട് സിറ്റി , ടൌൺ പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ നിലനിന്നിരുന്ന മരം ശക്തമായ മഴയിലും ,കാറ്റിലും സ്റ്റേഷൻറെ മുകളിലേയ്ക്ക് അപകടാവസ്ഥയിൽ ചാഞ്ഞ് നിന്നിരുന്നതിനാൽ അപകടാവസ്ഥ ഒഴിവാക്കുന്നതിന് വേണ്ടി മുറിച്ച് കഷ്ണങ്ങളാക്കിയിട്ടുള്ളതും , പ്രസ്തുത മരത്തടികൾക്ക് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ ,വനം വകുപ്പ് ,കോഴിക്കോട് നിന്നും വില നിർണ്ണയിച്ച് കിട്ടിയിട്ടുള്ളതുമാണ് . ആയതിൻറെ അടിസ്ഥാനത്തിൽ ടി മരത്തടികൾ വിൽപ്പന നടത്തുന്നതിനുള്ള ലേലം **24/03/2025** തിയ്യതി രാവിലെ 11 മണിയ്ക്ക് ടൌൺ പോലീസ് സ്റ്റേഷനിൽ വെച്ച് നടത്തുന്നതാണ് .

| ക്രമ നമ്പർ | മരത്തിൻറെ ഇനം | നീളം X വണ്ണം (cm) | മരത്തടിയുടെ വ്യാപ്തം (M3) |
|---|---|---|---|
| 1 | അക്കേഷ്യ | 600 x 180 | 1.215 |
| 2 | അക്കേഷ്യ | 357 x 134 | 0.398 |
| 3 | അക്കേഷ്യ | 192 x 85 | 0.086 |
| 4 | അക്കേഷ്യ | 163 x110 | 0.125 |
| 5 | അക്കേഷ്യ | 220 x 76 | 0.080 |
| 6 | അക്കേഷ്യ | 170 x 64 | 0.044 |
| 7 | ബദാം | 420 x120 | 0.378 |

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.00 മണിയ്ക്ക് മുൻപായി നിരതദ്രവ്യമായി **3716/-** രൂപ ( മൂവായിരത്തി എഴുന്നൂറ്റി പതിനാറ് രൂപ മാത്രം ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ് . കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ് . ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും , ലേല തുകയുടെ 18 ശതമാനം GST യും ചേർന്ന തുകയുടെ 5 ശതമാനം വന വികസന നികുതിയും അടവാക്കേണ്ടതാണ് . വന വികസന നികുതിയായി ഈടാക്കുന്ന തുക **"0406-01-101-96-00-00-FDT "** എന്ന ശീർഷകത്തിൽ അടച്ച അസ്സൽ രസീതി ഹാജരാക്കേണ്ടതാണ് . ടി രസീതി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ , വനം വകുപ്പ് ,കോഴിക്കോടിന് അയച്ചു കൊടുക്കുന്നതാണ് . ഈ കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ ലേലം കൊണ്ടയാൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ചുകൊണ്ട് പോകേണ്ടതും , മറ്റു മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ് . അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും . ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ട യാൾ നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും , ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും . അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായേക്കാവുന്ന നഷ്ടം മുൻ ലേല കാരനിൽ നിന്നും ഈടാക്കുന്നതും , മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ ,അർഹതയോ ഉണ്ടായിരിക്കുന്നതല്ല .

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 നും വൈകീട്ട് 4.00 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലേലം ചെയ്യാനുള്ള മരങ്ങൾ പരിശോധിക്കാവുന്നതാണ് . യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും . ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും .

നാരായണൻ ടി ഐ പി എസ്
പോലീസ് കമ്മീഷണർ

| | | |
|---|---|---|
| സ്വീകർത്താവ് | : | ബോർഡ് അംഗങ്ങൾക്ക് അറിവിലേയ്ക്കും അനന്തര നടപടിയ്ക്കുമായി . |
| പകർപ്പ് | : | 1) ജില്ലാ ഇൻഫൊർമേഷൻ ഓഫീസർ ,കോഴിക്കോടിന് പത്ര പരസ്യം ചെയ്യുന്നതിനായി . 2)എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും , ബറ്റാലിയൻ കമാണ്ടർമാർക്കും അറിവിലേയ്ക്കും വ്യാപക പരസ്യത്തിനുമായി . 3)കോഴിക്കോട് സിറ്റിയിലെ എല്ലാ SHO മാർക്കും വ്യാപക പരസ്യത്തിനായി . 4) സി .പി .ഓ , കാഷ്യർക്ക് അറിവിലേയ്ക്കും തുടർ നടപടിയ്ക്കുമായി . |

Internal Administrative Processing System
iAPS
KERALA POLICE